# ശ്രീമൂലവിലാസം

ദിനാഘോഷം- (വഞ്ചിപ്പാട്ടു്.)

൧൧൦൨.

E 218
1086

E 218

എം. ആർ. കൃഷ്ണവാര്യർ, ബി. ഏ. എൽ. ററി.

ശ്രീ

"ദൈവഗതിക്കഥവാ ഭുവനേസ്മിൻ നൈവ കവാടനിരോധമൊരേടം" എന്നുള്ളതെത്ര സൂക്ഷ്മമാണ്! അതു തന്നെയാണു സൽകവിതയുടേയും അനുഭവം. ഇതിനു ദൃഷ്ടാന്തങ്ങൾ മലയാളത്തിലുമില്ലെന്നില്ല. ഈ പദ്യകൃതി അക്കൂട്ടത്തിൽ ഒന്നുകൂടിയായി. വർണ്ണനാവൈചിത്ര്യം, ശയ്യാസുഷമ, പദശുദ്ധി, എന്നിവയത്രേ മിസ്റ്റർ വാര്യരുടെ കൃതിയിൽ ഞാൻ കാണുന്ന ഗുണങ്ങൾ. ഇവയുടെ അഭാവത്തിൽ ഏതു ഗ്രന്ഥവും രസോപേതമാകാനും പ്രയാസം. വിഷയമെന്തുമായിക്കോട്ടെ. അതിൻെറ പ്രതിപാദനരീതിയാണ് ഗദ്യകാരനേയോ പദ്യകാരനേയോ കവിയാക്കുന്നതു്. ഈ വഞ്ചിപ്പാട്ട് ഒരു വെറും കളി, കാര്യമായിത്തീർന്നതാകുന്നു. വിദ്യാർത്ഥികളുടെ വിനോദവേളയിൽ "മിസ്റ്റർ വാര്യരുടെ കവിതാദേവിയെ ഒന്നുതട്ടിയുണർത്താമോ" യെന്നു് അതിസ്നേഹത്തിൻെറ ഫലമായ അതിസ്വാതന്ത്ര്യത്തോടെ ഞാൻ ചോദിക്കയും ഉടനെ അദ്ദേഹം നാലു പാദം പറകയുമുണ്ടായി. നിരങ്കുശനായ കവി ഇവിടെ നില്ക്കുമോ? അങ്ങനെ യടുത്ത ദിവസം പൂർത്തിയാക്കുകയും ചെയ്തു. ഇതാണിതിൻെറ ജന്മകഥ.

ഖണ്ഡകൃതികൾകൊണ്ടു് അഖണ്ഡകീർത്തി സമ്പാദിക്കുന്ന ഒരു സുകൃതിയാണു് ഈ ഗ്രന്ഥകാരൻ. വളമുള്ള ഭൂമിയിൽ വീഴുന്ന വിത്തിനു വീർപ്പുംകൂടാതെ തരമില്ല. മാടശ്ശേരിൽ കടന്നു് മാധവവാര്യരവർകളോടടുത്ത കവിതാദേവത, അദ്ദേഹ

ത്തിൻെറ അന്തൎദ്ധാനത്തിൽ അനുജനേയും അനന്തരവനേയും അനുഗ്രഹിച്ചവിടെത്തന്നെയധിവസിക്കുന്നു. അതുകൊണ്ടു മലയാളത്തിൻെറ മഹിമയ്ക്കുപകരിക്കുന്ന ഉത്കൃഷ്ടകൃതികൾ പലതും പടിപ്പടിയായി നമുക്കു കാണാം.

ഇതു് ഇതിലധികം നീട്ടിയാൽ വാമനൻെറ യുടലിൽ ത്രിവിക്രമൻെറ തലയായിപ്പോകും. അതിനാലിങ്ങനെ നില്ക്കട്ടെ. ശ്രീമൂലവിലാസത്തിലെ 'കേശവകുചേലാ'ദികളായ അസംഖ്യം ശിഷ്യന്മാൎക്കു 'സാന്ദീപനി,' യായി ഭവിച്ചിരിക്കുന്ന, ഈ മലയാള സാഹിത്യ നഭസ്സിലെ മഞ്ജുതാരം ഉന്നതകാന്തിയോടെ ഉജ്ജ്വലിക്കുമാറാകട്ടെ.

'ശ്രീമൂലവിലാസം'
൱൨. തുലാം ൨൫.

സി. പി. ഗോവിന്ദപ്പിള്ള,
എം. ആർ. ഏ. എസ്.

എൻെറ മുദ്രയില്ലാത്ത പ്രതി വ്യാജമുദ്രിതമായിരിക്കും

പ്രസാധകൻ.

E 218
1086

# ശ്രീമൂലവിലാസം

## (വഞ്ചിപ്പാട്ട്)

---

"ശ്രീമൂല വിലാസ വിദ്യാശാല"യുടെ തിരുനാളാം
ശ്രീമൂല നക്ഷത്രോത്സവ മാഗമിച്ചല്ലോ.
ശ്രീമൂലം തിരുനാളായ വഞ്ചി വസുന്ധരാധിപ-
നാമൂലാഗ്രം നാട്ടിലെല്ലാം കലാലയങ്ങൾ,
സാമൂഹ്യാഭിവൃദ്ധിക്കായി സ്ഥാപിച്ചതിലുത്തം സമീ-
"ശ്രീമൂലവിലാസ വിദ്യാനികേത"മത്രേ.
ഭ്രൂമൂടീട്ട മന്ധകാരം പറപ്പിച്ചു, ഭൂരിപൌര-
ശ്രീമൂലമായിസ്ഥാപനം വിളങ്ങീടുന്നു.
നാമൂഹിച്ചാലെത്താതുള്ള നന്മയേറും തമ്പുരാൻെറ
ധീമൂച്ഛയ്ക്കു ദൃഷ്ടാന്തമി ദ്ദിവ്യ മന്ദിരം
വ്യാജമററു നാകത്തേയും വ്യാമോഹിപ്പിച്ചിരിക്കുന്ന
തേജസ്സേറും "സ്യാനന്ദൂരപുരോ"ദരത്തിൽ,
രാജഗോപാലാചാൎയ്യനാം രാജമന്ത്രി പ്രവീരൻെറ
രാജമാന രാജ്യതന്ത്ര പരിഷ്കാരത്താൽ,
ഏകദേശ മരമയിലോളമ ക്കോമളാകൃതി-
ശ്രീകലന്ന ശിലാമയമായ ഭിത്തികൾ,
ലോകമോഹനങ്ങളായ ലോഹകവാടങ്ങളോട്ട-
മാകൎഷണീയമാം വിധ മുല്ലസിക്കുന്നു.
ഇഷ്ടികകളിടയ്ക്കിട യ്ക്കിരുമ്പു കമ്പികൾ, പരി-
പുഷ്ടിയേറും പലതരം പാറക്കല്ലുകൾ,

ത്രഷ്ടിയേകുംമാറു ചേൎത്തു കെട്ടിയോരിച്ചുവർ, ചിത്ര
സൃഷ്ടിയെന്നു പറയുന്നു ചിത്രവേദികൾ.
ചുവടുതൊട്ടററം വരേ ചുണ്ണാമ്പിനാലുറപ്പിച്ചി-
ച്ചുവരിൻെറ ചുററീടും ശോഭ കാങ്ക്ഷയാൽ,
ചുവപ്പെല്ലാം മാഞ്ഞു മുഖം മഞ്ഞളിച്ചു, കുബേരനു
ചുവയ്ക്കുന്നു തൻെറ സൌധ കുഡ്യങ്ങളോൎത്താൽ.
വളഞ്ഞുള്ളീ വപ്രത്തിൻെറ വടക്കും തെക്കുമായ് രണ്ടു
വളച്ചു വാതലുകളുണ്ടവയ്ക്കു കീഴിൽ
വളർക്ഷമാം തരിമണ്ണു വാരിക്കോരി വിരിച്ചതു
വളൎത്തുന്നു വാച്ച മോദം വഴിക്കാൎക്കുള്ളിൽ.
ഉത്സവമടുത്തീടവേ യുൽസുകരാം വിദ്യാൎത്ഥിക-
ളുൽസ്രവിക്കുന്നുത്സാഹത്തിൻ പരമ്പരയാൽ,
മത്സരത്തോടലങ്കരിച്ചീടുന്നിതു മദിരാശി-
മത്സരസിജാദി മാല്യം കൊണ്ടിദ്വാരങ്ങൾ
കദളിപ്പൂങ്കുലകളും, കനകപ്പന്തിനുള്ളത്തിൽ
കദനത്തെ കലൎത്തീടും കരിക്കുകളും,
സദലപ്പൂലതകളു മണിയുന്നുണ്ടണികലാ-
സദനത്തിൻ ദ്വാരങ്ങളീ സുദിനത്തിങ്കൽ.
പനങ്കുലകളും പല പച്ചച്ചെടിയിലകളും,
മനങ്കുലുക്കീടുന്ന പൊന്മലരുകളും,
വനജ വല്ലരികളു മിണങ്ങി നിന്നുനു നൽപ്പൂ-
വനം പോലെ വാതലുകളലങ്കാരത്താൽ
സ്വാഗതവചനങ്ങളും, മുദ്രാവാക്യങ്ങളും, മഹാ-
നാഗരിക പരിഷ്കൃതിക്കൊത്ത രീതിയിൽ,

ശ്രീ ഗളിക്കും വൎണ്ണക്കടലാസുകൊണ്ടു വെട്ടിപ്പതി-
ച്ചാഗതന്മാൎക്കാഹ്ളാദത്തെ ജ്ജനിപ്പിക്കുന്നു.
ചരിത്രമൈതിഹ്യകമായി പ്പഠിക്കുവാ നംഗീകരി-
ച്ചിരിക്കും വിദ്യാൎത്ഥികളും, ശാസ്ത്ര പാഠങ്ങൾ
വരിച്ചിരിക്കുന്നവരു, മലങ്കാരവിഷയത്തിൽ
സ്ഫുരിപ്പിക്കും മനോധൎമ്മം വിസ്മയം തുലോം.
വള്ളിക്കുടിലിലൊത്തിരിക്കും വള്ളിച്ചു വാതലിൽക്കൂടി-
യുള്ളിലേയ്ക്കു കടക്കുമ്പോളുള്ള കാഴ്ചകൾ,
ഉള്ളിളക്കി മറിക്കുന്നിതാൎക്കു; മറ്റു വിശേഷമീ-
പള്ളിക്കൂടത്തിൻെറ നാലു പരിസരങ്ങൾ.
നീരടഞ്ഞു നിന്ന നിലം നില വിട്ടു നീലപ്പുല്ലിൻ-
നീരദച്ഛായകൊണ്ടതി നിബിഡമായി;
കൌതുകമുണ്ടകന്നൽ കൃഷി മാറി, കേരളീയ-
പൌരബാല കേളിക്കിതു കേദാരമായി.
പന്തടിച്ചു പറപ്പിച്ചു മംബരത്തിലൊളിപ്പിച്ചു-
മന്തരംഗം കുളുൎപ്പിക്കും കൊച്ചു കുട്ടികൾ,
ചിന്തയെന്യേ മാതാവിൻെറ മാറിൽ പോലെ, ചിരിച്ചേറെ-
ച്ചന്തമോടു മുരുളുമീ ചത്വരത്തിൻെറ
അന്തമററ സാമഞ്ജസ്യ മത്ഭുതകരമെന്നല്ലാ-
തെന്തഹോ! കഥിച്ചിടേണ്ടു കവി വാക്യത്തിൽ.
എന്തിനിയും വൎണ്ണിക്കുന്നു! കായികാഭ്യാസക്രമത്തി-
നെന്തിനും സന്നദ്ധരായ കുമാരകന്മാർ
പന്തിയായി നിന്നീടുന്നു പച്ചപ്പുല്ലി, ലാകാശത്തി-
ലന്തിയോടടുത്തീടവേ താരങ്ങൾ പോലെ.

പച്ചപ്പുല്ലിലങ്ങുമിങ്ങും, പതപോലെ നീരാഴിയി-
ലുച്ചലിച്ചു പുസ്തകങ്ങൾ കിടന്നീടുമ്പോൾ
മെച്ചമോടു മലയലച്ചീടുംപോലെ, കൈയടിച്ചി-
ട്ടൊച്ച കേൾപ്പിച്ചീടുന്നിതു കുമാരകന്മാർ.

താളത്തോടു കളിവള്ളം കാളിന്ദിയാമാപഗയി-
ലോളത്തിൻെറ സഹായമോടോടുന്ന പോലെ,
നീളമുള്ള നീലതൃണാലംകൃതമാമങ്കണത്തിൽ
മേളത്തോടെ വിദ്യാൎത്ഥികൾ ചംക്രമിക്കുന്നു.

മഹത്തിൻെറ തലേനാളിലതിൻെറ സൂചകമായി-
ട്ടഹസ്കരനസ്തമിക്കാനടുത്തീടുമ്പോൾ,
മഹത്വമേറീടുന്നതാം മൈതാനത്തിൻ മദ്ധ്യത്തിലീ-
ബ്ബൃഹൽക്കലാഗൃഹത്തിൻെറ മുഖാങ്കണത്തിൽ,
വിഹംഗമിച്ചീടുന്നതാം വിചിത്രശ്രീ കൊടി പാറി
വിഹരിക്കും ധ്വജമൊന്നു വിളങ്ങീടുന്നു.
കൊടിമരം നിറുത്തുവാനുള്ളതായ പരിശ്രമം
കൊടിയതാണെന്നാകിലും കോട്ടങ്ങളെന്ന്യേ,
ചൊടിയോടു വിദ്യാൎത്ഥികളൊത്തുകൂടി വലുതാമി-
ത്തടിയെടുത്തുയൎത്തുന്നു താരെന്നപോലെ.
ഞൊടിയിടകൊണ്ടിക്കാൎയ്യം സാധിക്കുവതൈകമത്യം
നേടിയോരു ബലമെന്നു നേരേ കാട്ടുന്നു.
ധ്വജാഗ്രമൊട്ടനവധി ഗുണങ്ങളിട്ടനുഗുണ-
വിജാതീയ വൎണ്ണങ്ങളാം കൊടിക്കൂറകൾ
പ്രജാതകൌതുകം ചാൎത്തിയുത്സവം കാണുവാനെത്തും
പ്രജാവലിക്കാനന്ദത്തെ പ്രദാനം ചെയ്വൂ.

മഹത്തിൻെറ കാൎയ്യപരിപാടി മുറയ്ക്കുദ്ദിനത്തി-
ലഹസ്സതി യുയൎന്നുനിന്നു ദയാദ്രിമേൽ,
സഹസ്സ കാഞ്ചനദ്യുതി വിതറി യുന്നതകലാ-
ഗൃഹ ശൃംഗ ശിരസ്സിനെ ത്തലോടീടുമ്പോൾ

പ്രശാന്തഗംഭീരനായി പ്രസിദ്ധ സാഹിത്യകലാ-
വിശാരദൻ-മിസ്റ്റർ. ചാക്കോ- വിഹാരാധിപൻ
പ്രശാസനത്തോടുകൂടി പഠിപ്പിച്ച കളികളെ
വിശാലമാ യിരിക്കുന്ന കളിസ്ഥലത്തിൽ

ഭൂശാദരം നടത്തുവാനാരംഭിച്ചു കളിക്കാരേ
കുശാഗ്രധീ വിളിക്കുന്നു കുഴലൂത്തിനാൽ.
ഓടക്കുഴ ലൂതീടവേ യോമനകൃഷ്ണനിൽ ഭക്തി-
യോടമന്ദം വൃന്ദാവന വിഹാരഭൂവിൽ,

കേടകന്നു കളിക്കായി ക്കച്ച കെട്ടിയിറങ്ങിയ
പാടവ മേറീടും ഗോപ ബാലകർ പോലേ,
യുദ്ധാങ്കണത്തിങ്കൽ സേനാനായകൻെറ ശംഖസംപ്ര-
ബുദ്ധാരവം മുഴങ്ങവേ മുറപ്രകാരം

ബദ്ധാടോപ മെത്തീടുന്ന പട്ടാളക്കാർ പോലെ ബദ്ധ
ശ്രദ്ധാന്വിതം വന്നീടുന്ന വിദ്യാൎത്ഥിവീരർ
സന്നദ്ധരായ് കളിപ്പതു കാണുവാനായ് നാനാവിധ -
ഭിന്നവൎണ്ണ വസ്ത്രങ്ങളെ ചാൎത്തി യാളുകൾ,

പിന്നണിയായി സ്ഥലത്തി ലെത്തിച്ചുററിയിരിപ്പതു
മന്നണഞ്ഞ മഴവില്ലു പോലെ തോന്നുന്നു.
അന്തരിക്ഷ മുല്ലൂടമാ മുല്ലൂണ്ണായാലുലയുമ്പോ-
ളന്തസ്സോടും പ്രവേശിച്ചു കളിക്കുട്ടികൾ,

ചന്തമേറും ചാട്ടമോട്ടം ചംക്രമണ വിഹൃതിക-
ളന്തരംഗം കുളുക്കുമാ റാരംഭിക്കുന്നു.

അസ്തശങ്ക മോരോ കളി തുടങ്ങിപ്പുഷ്യവസാന-
ദുസ്തര വിജയപ്രാപ്തി കണ്ടു കാണികൾ

ഹസ്തനിർഗ്ഘോഷങ്ങളോടു മനമോദസ്വരൂപമാം
ശസ്തശബ്ദമാഹ്ലാദത്തോടുയർത്തീടുന്നു.

പ്രതീവ്രമാ മുത്സാഹത്തിൻ പ്രസരിപ്പാൽ ജയിച്ചോരേ
സതീർത്ഥ്യന്മാർ വാരിക്കോരിയെടുത്തു കൈയിൽ

അതീവ സന്തോഷത്തോടു മഭിനന്ദിച്ചുട്ടഹസി-
ച്ചുതീ വസന്തോത്സവത്തെ ക്കൊഴുപ്പിക്കുന്നു.

തന്നിലുള്ള സാമർത്ഥ്യത്തെക്കാണിച്ചീടും കളിക്കാർക്ക
മുന്നിലെത്തി വിജയങ്ങളനേകം നേടാൻ

'ഡെന്നിസ്സി'ന്നു സാധിച്ചതു വിശേഷിച്ചു ചരിത്രത്തിൽ
ചിന്നി മിന്നിയെഴുതട്ടെ ചിത്രലിപിയിൽ.

ഏകദേശം പത്തുമണിയടിപ്പോള മിപ്രകാര-
മാകമാനം പാഠശാലാ പരിസരങ്ങൾ

ഭൂകമ്പത്താലെന്നപോലെ, ഭൂരിലീലാകോലാഹല-
ശ്രീ കലിതാഘോഷംകൊണ്ടു കുലുങ്ങീടുന്നു.

സുശ്രവണമധുരമാ യാവർത്തിച്ചു വിളിച്ചീടു-
മിശ്രാവ്യമായ കുഴലൻപോടു കേട്ടാൽ,

വിശ്രമത്തിന്നായിപ്പിന്നെ പ്പിരിയുന്നു വേഗം പരി-
മിശ്രമായി ക്കാണികളാം മഹാജനങ്ങൾ.

ഉച്ചതിരിഞ്ഞുള്ളതായ് വിനോദങ്ങൾ കെട്ടിടത്തിൻ
മച്ചകത്താണതിലേയ്ക്കു കടക്ക നമ്മൾ.

തച്ചരിത്രമെത്ര ചിത്രം! മയനെന്ന മഹാനായ
തച്ചനേയു മതു തല കുനിപ്പിക്കുന്നു.
ഉച്ചസ്ഥനായെന്നും നേരേ വന്നാകി ലത്യുന്നതമാ-
യുച്ചണ്ഡമാ യിരിക്കുമീ ഹർമ്മ്യ ശൃംഗങ്ങൾ
തച്ചണച്ചു കളഞ്ഞേയ്ക്കു മെന്ന ശങ്കകൊണ്ടു തുലോ-
മുച്ചലിച്ചു പതണ്ടെ തന്നെ മാർത്താണ്ഡദേവൻ
ഉത്തര ദക്ഷിണായന സമ്പ്രദായം സ്വീകരിച്ചു-
ത്തുത്തമമെന്നുരയ്ക്കുന്നു ജ്യോതിശ്ശാസ്ത്രജ്ഞർ.
ഇത്തരത്തിലുള്ള വേറെ വിദ്യാലയ മീ നാട്ടിലു-
മുത്തര ഭാരതത്തിലു മുണ്ടോ കാണുവാൻ!
പത്തരമാറുള്ള പവ നെത്ര ലക്ഷ മിതിന്നംഗമാം
പത്തനത്തെ പ്പണിയുവാ നടിച്ചെടുത്തു!
കാശിതിനായെടുത്തു നിരത്തിയാ ലോരോന്നായി
ക്കാശിയോള മിവിടുന്നു ചെന്നു ചേരുന്നു.
പൂശിയ കുമ്മായമെല്ലാം കൂട്ടിയാലോ പുരാണോക്ത-
ശ്രീ ശിവൻെറ മലയോള മുയരുമത്രേ.
ഇഷ്ടികകളൊരു വഴിയായി ട്ടിട്ടാലതു ഗുണ-
പുഷ്ടികൊണ്ടു മധുരമാം മധുരയോളം
കഷ്ടിക്കാതെ ചെന്നുചേരു മിവിടെനിന്നെന്നിതിൻെറ
സൃഷ്ടികർത്താവുരച്ചില്ലേ തൻെറ റിപ്പോർട്ടിൽ?
അംഗലേയാക്ഷര മഞ്ജുമാലയിലഞ്ചാമതായി
സ്വാംഗശോഭ കലരുന്ന ലിപി യേതുവാൻ?
ഭംഗമെന്യേ തദ്രൂപത്തി ലുണ്ടാക്കിയതാണീ മഹാ
മംഗല ശ്രീ മനോഹര മണിമന്ദിരം.

തുംഗതയെക്കൊണ്ടും തുഷാരാദ്രിക്കു തുമയേറുന്ന
ശൃംഗങ്ങളെക്കൊണ്ടു മിതു തുല്യമാകുന്നു;
അംഗംതോറു മമ്പിളിപ്പൂങ്കതിരെത്തുന്നേരം ഹിമ-
സംഗമവു മിതിനെന്നും സംഭവിക്കുന്നു. 168

രണ്ടു നിലയോടുകൂടി രമണീയ വസ്തുക്കളെ-
ക്കൊണ്ടു നിർമ്മിച്ചിരിക്കുമീ രമ്യഹർമ്മ്യത്തിൽ
കണ്ടുനില്പാ നനവധി വിശിഷ്ടമാം ശില്പവേല-
യുണ്ടുരപ്പാ നെളുതല്ലാത്തുള്ള രീതിയിൽ. 172

വടക്കു തെക്കുള്ള കെട്ടു വശപക്ഷദ്വയത്തിന്റെ
യുടലുകളൊന്നിച്ചുണ്ടാം നീളത്തിലത്രേ.
ഇടയ്ക്കുള്ള നീട്ടിക്കെട്ടൊന്നകത്തേയ്ക്കു തള്ളിമാറി-
ക്കിടക്കുന്നു; കിഴക്കോട്ടേയ്ക്കല്ലോ ശാഖകൾ; 176

സ്ഫുടപ്രധാനമായുള്ള കെട്ടിനു കിഴക്കു മേക്കു-
മടച്ചീടും ശാഖാമൂല മൊഴിച്ച ദിക്കിൽ
തുടച്ചെന്നും സൂക്ഷിക്കുന്ന വരാന്തകളഴികളാ-
ലടഞ്ഞല്പം മേലും, താഴെ ത്തുറന്നും കാണാം; 180

ഉത്തര വിഭാഗത്തിന്റെ ദക്ഷിണമാം പാർശ്വത്തിലു-
മത്തരമ ത്തെക്കേതിന്റെ വടക്കടുത്തും
ഇത്തരത്തിലുള്ള നല്ല തിണ്ണകള ക്കണ്ണുകളും
ചിത്തരംഗം താനു മാർക്കും കുളുർപ്പിക്കുന്നു. 184

അടിക്കുനിന്നംഗുലികൾ പോലെ വണ്ണം കുറവായി
മുടിക്കെട്ടു വരേ ച്ചെന്നീ വരാന്തകളിൽ
ഘടിപ്പിച്ച കൽത്തൂണുകളിണ യൊത്തു താഴത്തു,മ-
ല്പടിയല്ലാ തൊററയായി മോളിലും കാണാം. 188

നട്ടുക്കളുള്ള മുകളിലേ മുകപ്പിൻേറ മുറി, ശില്പ-
പടുക്കളാ വിഷയത്തിൻ പടുത്വം കാട്ടാൻ,
എടുത്തൊരു പണി യാവാമിതിന്നൊരായിരം കാത-
മട്ടത്തെങ്ങും വരാ വേറെ ശില്പ വേലകൾ; 192

ഉത്തുംഗശ്രീ വാതായന ശ്രേണിയും കാണികൾക്കുള്ളിൽ
കത്തു മിമ്പം കലത്തീടും കവാടങ്ങളും,
മെത്തും കാന്തി യുജ്ജ്വലിക്കും കണ്ണാടിക ളിട്ടു കാണ്മാ-
നെത്തും ജനാവലിയുടെ കണ്ണാടികളുന്നു; 196

പരിശോഭ കലരുന്ന പരിപുഷ്ട കുഡ്യങ്ങളാൽ
പരീതമായിരിക്കുമീ മണിയറയിൽ
പരീക്ഷകളാണ്ടോടാണ്ടു പലപ്പോഴും നടപ്പതു
പരീക്ഷിക്കാം, കവിതേ, നീ കടന്നു നോക്കിൽ. 200

വിനോദങ്ങളനവധി വിദ്യാർത്ഥി വൃന്ദങ്ങൾ, നേത്ര-
മനോഹരമായിരിക്കു മീ മുറിക്കുള്ളിൽ
ഘനോത്സാഹ പുരസ്സര മാരംഭിച്ചു വിദ്യാലയ-
ദിനോത്സവാഡംബരത്തെ പൂർത്തിയാക്കുന്നു. 204

മുരളീഗാനങ്ങൾ, മുഗ്ദ്ധകണ്ഠസംഗീതങ്ങൾ, ചേതോ-
ഹരങ്ങളാം ചെപ്പടിക, ളിന്ദ്രജാലങ്ങൾ,
സരസാനുകരണങ്ങൾ, തുമയേറും തുള്ളലുകൾ,
തരസാ താമസമെന്യേ തകർത്തീടുന്നു. 208

ലഘുഭക്ഷണാനന്തരം സമ്മാനദാനത്തിനായി
ലസദ്രംഗം പ്രവേശിച്ചു കുമാരകന്മാർ •
ലളിതമാം പ്രസംഗത്തോ ടതു വാങ്ങി, യത്യാനന്ദ-
ലഹരിയാ ലാഹ്ലാദിച്ചു പുളച്ചീടുന്നു. 212

മഹത്തിൻെറ മംഗളമാം പര്യവസാനത്തെ നാ-
പ്രഹസനത്രയത്തിൻെറ യഭിനയത്താൽ
മഹത്താക്കിത്തീത്ത ശേഷം വിദ്യാൎത്ഥികൾ മന്ദം മനഃ
പ്രഹഷ്മാട്ടോരോ വഴി പിരിഞ്ഞു പോയി. 216

ഉല്പതിഷ്ണുക്കളായീട്ടു മുത്കൃഷ്ട ബുദ്ധിമാന്മാരാം
ശില്പശാസ്ത്ര വിശാരദ രാദൎശമാക്കി
കല്പനയാട്ടുണ്ടാക്കിയ കമ്രമായ കലാസൌധം
കല്പകവൃക്ഷമാണെന്നേ കഥിച്ചിടേണ്ടു. 220
ഉല്പന്നമായിരിക്കുന്ന പൂക്കളുടെ സൌരഭ്യമി-
നല്പതിച്ചു നാട്ടിലെല്ലാം പ്രചരിക്കയാൽ
ആശാബദ്ധരായി ച്ചെറു തേനീച്ചകൾ പോലെ നാനാ-
ദേശാന്തരങ്ങളിൽനിന്നും ത്തുമധു വുണ്മാൻ 224
കേശവകുചേലന്മാരേപ്പോലെ തന്നെ കായമനഃ
ക്ലേശമെന്ന്യേ വിദ്യാൎത്ഥികൾ വന്നു ചേരുന്നു.
പുത്രനിവിശേഷമായി ശിഷ്യന്മാരെ സ്നേഹിച്ചീട്ടു-
മെത്ര സാന്ദീപനിമാരി, കലാലയത്തിൽ 228
ശാന്തശീലരായും നാനാ ശാസ്ത്ര പാരംഗതരായു
മന്തസ്സാരമോട്ടു പാഠം പഠിപ്പിക്കുന്നു!

യേശുവിൻെറ ശാന്തശീല മേറുംവണ്ണം മഹാത്മാവാ-
മേശുദാസ നദ്ധ്യാപകൎദ്ധ്യക്ഷനത്രേ; 232
ഇദ്ദേഹം സതഭരണത്താലിദ്ദേശീയ വിദ്യാഭ്യാസ-
മുദ്ദേശം പോലുയൎത്തീട്ടാഭ്യുദ്യമിക്കുമ്പോൾ
മംഗളമേ വന്നുചേരു മംഗളമേ വന്നു ചേരു
മംഗളമേ വന്നു ചേരു സൎവ്വമംഗളം. 236

---

വിദ്യാഭിവൎദ്ധിനിപ്രെസ്സ് (ബ്രാഞ്ചു്), തിരുവനന്തപുരം.

ശ്രീ

## എം. ആർ. കൃഷ്ണവാര്യരുടെ കൃതികൾ.

തേവള്ളിക്കൊട്ടാരത്തിൽ :—പ്രകൃതിരഹസ്യങ്ങളെ വെളിവാക്കുന്നതും, മഹാകവിയുടെ സരസസുരഭിലമായ മുഖവുരയോടു കൂടിയതുമായ ഒരു ഖണ്ഡകാവ്യം. വില അ. ൩.

പ്രകൃതി:—പ്രകൃതിവർണ്ണനപരമായ പല വിഷയങ്ങളടങ്ങിയതും, പി. കെ. നാരായണപിള്ള അവർകളുടെ ഗംഭീരമായ അവതാരികയോടു കൂടിയതുമായ ഒരു കവനമാല.

വില അണ ൧൨.

സുമിത്ര:—ശ്രീനാരായണഗുരുസ്വാമികളുടെ അവദാനങ്ങളെ അസ്പദമാക്കി രചിച്ചിട്ടുള്ളതും ശ്രീമാൻ സി. വി. കുഞ്ഞുരാമനവർകളുടെ പ്രസന്നപ്രൌഢസരസമായ അവതാരികയോടുകൂടിയതുംആയ ഒരുഖണ്ഡകാവ്യം. വില അ. ൧൨.

ഭാർഗ്ഗവി:—"വാക്യം രസാത്മകം കാവ്യം" എന്ന സാഹിത്യസിദ്ധാന്തം വഴിഞ്ഞൊഴുകുന്നതും അമിത്തത്തെ അടിച്ചുടയ്ക്കുന്നതുമായ ഒരു വിശുദ്ധ ശൃംഗാരഖണ്ഡകാവ്യം.

വില അണ ൩.

കുറുമ്പ. } ദരിദ്രരുടെ നിസർഗ്ഗമധുരമായ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നതും, ദുഃഖപര്യവസായികളുമായ
തേവൻ. } രണ്ടുചെറിയ ഖണ്ഡകാവ്യം വില അണ ൨.

അമംഗലസാമ്രാജ്യം:—"ഗുരുനാഥ"ൻെറ വിലയേറിയ പ്രശംസക്കു പാത്രമായതും, ഗുരുശിഷ്യന്മാർ അവശ്യംവായിച്ചിരിക്കേണ്ടതുമായ മലയാളത്തിലെ ഏക പദ്യപ്രഹസനം

വില അണ ൨.

വിദ്യാലയവിനോദങ്ങൾ:—ശ്രീമാൻ കെ. പരമുപിള്ള എം. എ. മുതൽപേരുടെ അഭിനന്ദനങ്ങൾ അർഹിച്ചിട്ടുള്ള ലഘുപുസ്തകപരമ്പര. നമ്പർ ൧ മുതൽ ൧൨ വരെ

വില ഓരോ ചക്രം വീതം.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

എസ്സ്. രാമവാര്യർ ബി. എ. ബി. എൽ.
ഡിസ്ത്രിക്റ്റ്കോർട്ടു വക്കീൽ,
തേവള്ളി—കൊല്ലം.

# ശ്രീമൂലവിലാസം

ദിനാഘോഷം- (വഞ്ചിപ്പാട്ടു്.)

൧൧൦൨.

൬ 218
1086

E218

എം. ആർ. കൃഷ്ണവാര്യർ, ബി. ഏ. എൽ. ററി.